1. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്.
2. കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.
3. ദി ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്.
4. കെൽട്രോൺ പവർ ഡിവൈസസ് ലി.
5. സീതാറാം ടെക്സ്റ്റയിൽസ് ലി.
6. മന്നം ഷുഗർമിൽസ് കോ-ഓപ്പറേറ്റീവ് ലി.
7. ട്രാവൻകൂർ പ്ലൈവുഡ്, ഇൻഡസ്ട്രീസ് ലി.
8. കേരളാസ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലി.
9. ട്രിവാൻഡ്രം സ്പിന്നിഗ് മിൽസ് ലി.
10. സ്റ്റീൽ കോപ്ലക്സ് ലി.
11. കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിഗ് മിൽസ്.
12. കെൽട്രോൺ.

(ബി-ഡി) ഉദാരവത്ക്കരണത്തിന്റെയും ആഗോളവത്ക്കരണത്തിന്റെയും ഫലമായി കമ്പനികൾ നേരിടേണ്ടിവരുന്ന മത്സരത്തെ അതിജീവിക്കാൻ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായിട്ടാണ് സർക്കാർ വി.ആർ.എസ്. നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തികൊണ്ടുള്ള പുനരുദ്ധാരണത്തിനാണ് വ്യവസായ നയം ഊന്നൽ നൽകുന്നത്. Planning & Economic affairs (BPE) Dept. ന്റെ സർക്കുലർ നമ്പർ 6038/ BPEI 17-11-1995 പ്രകാരമാണ് വി.ആർ.എസ്. നടപ്പിലാക്കിവരുന്നത്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യ അനുസരിച്ച് ഉത്പാദനക്ഷമത കൂടിയ മെഷീനറികൾ സ്ഥാപിക്കുമ്പോൾ ജീവനക്കാരുടെ പ്രവർത്തനക്ഷമതകൂടി കണക്കിലെടുക്കേണ്ടിവരുന്നതിനാലാണ് വി.ആർ.എസ്. നടപ്പിൽവരുത്തുന്നത്. ഇതിനോടൊപ്പംതന്നെ മെഷീനറികളുടെ ആധുനികവത്കരണം, മാനേജ്മെന്റിനെ ശക്തിപ്പെടുത്തൽ, പെർഫോർമൻസ് കോൺട്രാക്ട് തുടങ്ങിയ നടപടികളും പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്നു. ഈ കമ്പനികളിൽ വി.ആർ.എസ്. നടപ്പിലാക്കിയതിനുശേഷമുള്ള പുരോഗതി വിലയിരുത്താനുള്ള സമയമായിവരുന്നതേയുള്ളൂ.

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ മില്ലുകളുടെ നവീകരണം.

149 (1415) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ടെക്സറ്റയിൽ കോർപ്പറേഷൻ മില്ലുകളുടെ നവീകരണത്തിനു വേണ്ടി വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും എത്ര കോടി രൂപയാണ് കെ.എസ്.ടി.സി. യുടെ വിവിധ മില്ലുകൾക്കായി അനുവദിച്ചത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ കോട്ടയം ടെക്സ്റ്റയിൽ, മലബാർ സ്പിന്നിംഗ് മിൽ, ചെങ്ങന്നൂർ പ്രഭുറാം മിൽ, എടരിക്കോട് സ്പിന്നിംഗ് മിൽ എന്നിവയ്ക്ക് എത്ര കോടി രൂപ വീതമാണ് മാറ്റിവച്ചിരിക്കുന്നതെന്നറിയിക്കാമോ ;

(സി) കോട്ടയം ടെക്സ്റ്റയിൽസിലേയ്ക്ക് വ്യവസായ പുനരുദ്ധാരണ ഫണ്ടിലേയ്ക്ക് അനുവദിച്ച തുക ഉപയോഗിച്ച് പുനരുദ്ധാരണ ജോലികളുടെ ഉല്പാദന കർമ്മം 10-6-2000-ൽ നടന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2000-ാം മാണ്ട് ജൂൺമാസത്തിനുശേഷം കോട്ടയം ടെക്സ്റ്റയിൽസിൽ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് നടപ്പാക്കിയ പുനരുദ്ധാരണ ജോലികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) നാളിതുവരെ പുനരുദ്ധാരണ ജോലികൾ ചെയ്യാൻ സാധിച്ചിട്ടില്ല എങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ ;

(എഫ്) കോട്ടയം ടെക്സ്റ്റയിൽസിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും ഉപകരണങ്ങളും പഴക്കംചെന്നവ ആയതിനാൽ ഉല്പാദന ക്ഷമത കുറഞ്ഞുവരുന്നു എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഈ സാഹചര്യത്തിൽ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 29.72 കോടി രൂപയുടെ ദീർഘകാല വായ്പയാണ് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും അനുവദിച്ചത്.

(ബി)

മില്ലിന്റെ പേര്	നവീകരണത്തിനുള്ള ചെലവ് രൂപലക്ഷത്തിൽ	കെ.ഐ. ആർ.എഫ്. വായ്പ	സ്വന്തം ധനം
മലബാർ സ്പിന്നിഗ് വീവിംഗ് മിൽസ്	1274. 00	1183. 00	91
കോട്ടയം	698. 00	626. 00	73
ടെക്സ്റ്റയിൽസ് പ്രഭുറാം മിൽസ്	690. 00	630. 00	60
എടവിക്കോട്	571. 00	533.00	38
ടെക്സ്റ്റയിൽസ്	571. 00	533.00	38
	3234. 00	2972	262

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളാ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മില്ലുകളുടെ നവീകരണ പദ്ധതികളുടെ ഉദ്ഘാടനം 10-6-2000-ൽ നടത്തി.

(ഡി&ഇ) വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നവീകരണ പദ്ധതികൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) കോട്ടയം ടെക്സ്റ്റയിൽസിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും ഉപകരണങ്ങളും പഴക്കമേറിയവ ആയതിനാലാണ് നവീകരണ പദ്ധതികൾക്ക് രൂപം നൽകിയത്. നവീകരണ പദ്ധതികൾ താമസംവിനാ ആരംഭിക്കുന്നതാണ്.

സീതാറാം മില്ലിന്റെ നവീകരണം

150 (1416) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ നവീകരണത്തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) സീതാറാം മില്ലിൽ പുതിയതായി സ്പിൻഡിലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) സീതാറാം മിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷനിൽ ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതുകൊണ്ട് മില്ലിന്റെ പ്രവർത്തനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) മില്ലിന്റെ പ്രവർത്തനം ഇപ്പോൾ എങ്ങനെയാണ്, കമ്പനി ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. മില്ലിന്റെ നവീകരണത്തിനായി കേരള ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ നിന്നും 549 ലക്ഷം രൂപ ലഭ്യമാക്കുന്നതാണ്.

(ബി) നവീകരണത്തിന്റെ ഭാഗമായി 4000 അഡീഷണൽ സ്പിൻഡിലുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ലയനം ഭരണച്ചെലവുകൾ കുറച്ച് ലാഭകരമായ പ്രവർത്തനങ്ങൾക്ക് സഹായകമാകും.

(ഡി) കമ്പനി ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. കഴിഞ്ഞ പത്തുമാസം കൊണ്ട് കമ്പനിക്ക് 93 ലക്ഷത്തോളം രൂപ നഷ്ടം വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly